മൾട്ടി സെക്ടർ ഡെവലപ്മെന്റ് പ്രോജക്ട്

197 (489) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ന്യൂനപക്ഷ ക്ഷേമത്തിനായി പ്രഖ്യാപിച്ച മൾട്ടി സെക്ടർ ഡവലപ്പ്മെന്റ് പ്രോജക്ടിൽ (എം.എസ്.ഡി.പി.)-ൽ സംസ്ഥാനത്തെ എത്ര ജില്ലയെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) എന്നാണ് ഈ പദ്ധതിയിൽ പ്രസ്തുത ജില്ലയെ ഉൾപ്പെടുത്തിയത്; ഇതിനകം ഇവിടെ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(സി) ഇതിനു വേണ്ടി ചെലവഴിക്കാൻ എത്ര രൂപ കേന്ദ്രം നൽകി ; അതിൽ എത്ര രൂപയുടെ ഏതെല്ലാം പദ്ധതികൾ സമർപ്പിച്ചു;

(ഡി) പദ്ധതി നടത്തിപ്പിലെ അനാസ്ഥ ദേശീയ മോണിറ്റർ സി. മുത്തുവേലു കഴിഞ്ഞ മാസം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എഫ്) ഈ പദ്ധതിയിൽ കേരളത്തിലെ മറ്റു ജില്ലകളെ കൂടി ഉൾപ്പെടുത്തുന്നതിന് കേന്ദ്രത്തിന് നിവേദനം സമർപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഒരു ജില്ല. വയനാട്.

(ബി&സി) ഇന്ത്യയിലെ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിലൊന്നായ വയനാട് ജില്ലയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവരം 2007 ജൂലൈ മാസത്തിൽ കേന്ദ്ര സർക്കാർ കേരള സർക്കാരിനെ അറിയിക്കുകയുണ്ടായി.

വയനാട് ജില്ലയിലെ ന്യൂനപക്ഷങ്ങളുടെ സർവ്വതോന്മുഖമായ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികളിൽ ആരോഗ്യ മേഖലയിൽ 10 ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 180 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും 91 ലക്ഷം രൂപ (76.50 ലക്ഷം കേന്ദ്ര വിഹിതം 14.50 ലക്ഷം സംസ്ഥാനവിഹിതം) ജില്ലയ്ക്ക് അനുവദിക്കുകയും 4 ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 349.98 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതിയും മേപ്പാടി പോളിടെക്നിക്ക് കോളേജിന്റെ ലാബ് സൗകര്യ വികസനത്തിന് 75 ലക്ഷം രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരവും ലഭിച്ചു. ബന്ധപ്പെട്ട വകുപ്പുകൾ വഴി പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടിവെള്ള വിതരണത്തിനായി 13.80 കോടി രൂപ അടങ്കൽ വരുന്ന പദ്ധതി കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) വയനാട് ജില്ലയിൽ നടപ്പാക്കിവരുന്ന മൾട്ടി സെക്ടറൽ ഡവലപ്മെന്റ് പ്രോഗ്രാം കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽകൂടി നടപ്പാക്കണമെന്ന് പാലോളി കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾ

198 (490) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) പാലക്കാട് നിയോജക മണ്ഡലത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ റോഡുകൾ പുനരുദ്ധരിച്ചിട്ടുണ്ട് എന്നും ആയതിന് എന്തു തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ;

(സി) കാലവർഷത്തെ തുടർന്ന് തകർന്ന ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപണികൾക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നു വിശദീകരിക്കുമോ;

(ഡി) ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എന്തു തുക അനുവദിച്ചിട്ടുണ്ട് എന്നു അറിയിക്കുമോ;

(ഇ) അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളിൽ സഞ്ചാരയോഗ്യമല്ലാത്തവ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കാൻ റോഡ് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കുഴികൾ നികത്തുക, തകർന്നുപോയ ഭാഗം പൂർവ്വസ്ഥിതിയിലാക്കുക മുതലായ അറ്റകുറ്റപ്പണികളും റീ ടാറിംഗ് പ്രവൃത്തികളും നിലവിലുള്ള മെറ്റൽ റോഡുകളുടെ ടാറിംഗ് പ്രവൃത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

(ബി) പാലക്കാട് നിയോജക മണ്ഡലത്തിലെ കണ്ണാടി ഗ്രാമപഞ്ചായത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ ചാലയ്ക്കൽ, അയ്യപ്പൻകാവ്, മമ്പറം, കാഴ്ചപറമ്പ്, കൊല്ലക്കപ്പാടം, കളത്തൊടി, പാങ്ങോട് കളത്തൊടി, മണലൂർ-കുടക്കാട്, കുത്തുപറമ്പ് എന്നീ റോഡുകളും, പിരായിരി ഗ്രാമപഞ്ചായത്തിൽ പുത്തൻപുര, കുമ്പളങ്ങാട്, നാഗക്കോട്, എസ്.സി.കോളനി, കാഞ്ഞിരക്കോട്

LIBRARY ARCHIVES Kerala Legislative Assembly